AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 140/2018 11.07.2018

# മാനവികതയെ തിരിച്ചുകൊണ്ടു വരിക എന്നത് നമ്മുടെ സാംസ്കാരികനയം : കൃഷിമന്ത്രി

മണ്ണും ജലവും ജൈവസമ്പത്തും തിരിച്ചുപിടിച്ച് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുകയും സകലകലയുടെയും ഉറവിടമായ കൃഷിയിലൂടെ മാനവികതയെ പുതുതലമുറയ്ക്ക് പകർന്നു നൽകുകയും ചെയ്യണമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. “ഓർഗാനിക് തിയേറ്റർ” എന്ന പേരിൽ ജൈവകൃഷിക്കും നാടകത്തിനും ഒരേ സമയം വിത്തു പാകി നാലുമാസകാലയളവിൽ കൊയ്ത്തിന്റെയും രംഗാവതരണത്തിന്റെയും ഉത്സവങ്ങൾ സാർത്ഥമാക്കുന്ന കൂട്ടായ്മ തിരുവനന്തപുരം വാമനപുരത്തെ കളമച്ചൽ പാടശേഖരത്തിൽ സാംസ്കാരികവകുപ്പ് മന്ത്രി എ.കെ. ബാലനോടൊപ്പം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വാമനപുരം എം.എൽ.എ ഡി.കെ. മുരളി ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. കൃഷിവകുപ്പിന്റെ കീഴിലുള്ള വാമനപുരത്തെ 10 ഏക്കർ വരുന്ന പാടശേഖരത്തിലാണ് ഞാറു നട്ടുകൊണ്ട് മന്ത്രിമാർ ഉദ്ഘാടനം നിർവഹിച്ചത്. ഇതോടൊപ്പം തന്നെ ഇടശ്ശേരിയുടെ കൂട്ടുകൃഷി നാടകത്തിന്റെ ശില്പശാല മന്ത്രി എ.കെ. ബാലൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആദ്യമായാണ് കൃഷിയും കലയും സമന്വയിപ്പിച്ചുകൊണ്ടുള്ള വ്യത്യസ്ഥമായ ഒരു ആവിഷ്കാരത്തിന് സംസ്ഥാനം സാക്ഷിയാകുന്നത്. എന്നാൽ ഇതിന്റെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ച പൊതുപ്രവർത്തകൻ കൂടിയായ പുഷ്പോത്ഭവന്റെ അഭാവത്തിലായിരുന്നു ചടങ്ങുകൾക്ക് തുടക്കം കുറിച്ചത്. വാർഡ് മെമ്പർ കൂടിയായ പുഷ്പോത്ഭവന്റെ അകാലത്തിലുണ്ടായ മരണം കാരണം ചടങ്ങുകൾ വെട്ടിച്ചുരുക്കിയായിരുന്നു സമ്മേളനം നടത്തിയത്. കൃഷിവകുപ്പിന്റേയും, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഭാരത് ഭവന്റെയും സംയുക്ത നേതൃത്വത്തിലാണ് ഓർഗാനിക് തിയേറ്റർ എന്ന ആശയം നടപ്പിലാക്കുന്നത്. വിവ കൾച്ചറൽ സെന്ററിന്റെ സംഘാടന സഹകരണത്തോടെയുള്ള പദ്ധതിയിൽ പാടശേഖരത്തിലെ നാടക പന്തലിൽ

ഇടശ്ശേരിയുടെ കൂട്ടുകൃഷി നാടകത്തിന്റെ പരിശീലനക്കളരി ആരംഭിക്കുന്നതാണ്.

അന്യം നിന്നു പോയ കാർഷിക സംസ്കാരം തിരിച്ചു പിടിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ മേഖലകളിൽ നിന്നുമുള്ള സഹകരണങ്ങൾ ലഭിക്കുന്നുണ്ടെന്ന് കൃഷിമന്ത്രി വ്യക്തമാക്കി. മണ്ണ്, ജലം, വായു തുടങ്ങി പ്രകൃതി മൂലധനത്തിന്റെ സംരക്ഷണമാണ് കൃഷിയിലൂടെ നാം യാഥാർത്ഥ്യമാക്കുന്നത്. പരസ്പര വിശ്വാസത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ആശയങ്ങൾ ഊട്ടിവളർത്തി പുതുതലമുറയിലേയ്ക്കു കൂടി അവ പകർന്നു നൽകണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. പരമ്പരാഗത കൃഷിയുടെ വികസനം സർക്കാർ അതീവ ശ്രദ്ധയോടെ കാണുന്നുണ്ട്. ആദിവാസി മേഖലകളിലെ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹനം, പയറുവർഗ്ഗങ്ങൾ, ഔഷധനെൽച്ചെടികൾ എന്നിവയുടെ കൃഷിക്ക് വകുപ്പ് പ്രത്യേകം പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. പഴമയുടെ സംസ്കാരം കൂടി ഇതോടൊപ്പം പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അട്ടപ്പാടി കേന്ദ്രീകരിച്ച് കൃഷിവകുപ്പ് നടപ്പിലാക്കിയ മില്ലറ്റ്ഗ്രാമം പദ്ധതിയിലൂടെ വിളയിച്ചെടുത്ത ചെറുധാന്യങ്ങളുടെ വിപണനോദ്ഘാടനം ജൂലൈ 28-ന് നിർവഹിക്കപ്പെടുമെന്ന് ചടങ്ങിൽ മന്ത്രി എ.കെ. ബാലൻ പറഞ്ഞു. കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തി രണ്ടാംവർഷ മില്ലറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ഒക്ടോബർ മാസത്തിൽ വിളവെടുപ്പുണ്ടാകുമെന്നും അദ്ദേഹം സൂചിപ്പിച്ചു. ഓർഗാനിക് തിയേറ്റർ എന്ന ആശയം യാഥാർത്ഥ്യമാക്കുവാൻ പരിശ്രമിച്ച പുഷ്പോത്ഭവന്റെ സ്മരണയക്ക് ഗ്രാമീണ നാടകങ്ങൾക്കും സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കും വേണ്ടി പ്രവർത്തിച്ച് മികവ് തെളിയിക്കുന്ന ഒരു വ്യക്തിക്ക് ഭാരത്ഭവൻ 'പുഷ്പോത്ഭവൻ ഗ്രാമീണ നാടക പുസ്കാരം' ഏർപ്പെടുത്തുമെന്ന് മന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു. ഓർഗാനിക് തിയേറ്ററിന്റെ കൊയത്തുത്സവത്തോടനുബന്ധിച്ച് ആദ്യ പുഷ്പോത്ഭവൻ പുരസ്കാരം ഭാരത് ഭവന് നൽകുന്നതായിരിക്കും. എല്ലാ വർഷവും പുഷ്പോത്ഭവന്റെ ചരമ ദിനത്തിൽ നെൽകൃഷി പ്രസ്തുതപാടശേഖരത്തിൽ ഇറക്കുന്നതായിരിക്കുമെന്ന് കൃഷി മന്ത്രിയും പ്രസ്താവിച്ചു.

ചടങ്ങിൽ എം. പി. ഡോ സമ്പത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ മധു, ജില്ലാ പഞ്ചായത്ത് മെമ്പർ എം. റാസി, നാടക പ്രവർത്തകൻ

പ്രമോദ് പയ്യന്നൂർ, വിവകൾച്ചറൽ സെക്രട്ടറി എസ്. എൻ. സുധീർ, ഫ്രോൻസ്വ ഗ്രോഷോൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശത്ചന്ദ്രൻ, എസ്. സൈമ എന്നിവർ പ്രസംഗിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**